**അനുബന്ധം-1**

<u>കർഷകരുടെ ജപ്തി നടപടികൾ നിർത്തിവയ്ക്കൽ നടപടിയുമായി ബന്ധപ്പെട്ട് ശ്രീ. ഐ. സി. ബാലകൃഷ്ണൻ നൽകിയ സബ്മിഷന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി</u>

സഹകരണ ബാങ്കുകൾ, സൊസൈറ്റികൾ എന്നിവയിൽനിന്നും എടുത്ത കാർഷിക വായ്പകൾ സാമ്പത്തിക പ്രയാസംമൂലം തിരിച്ചടയ്ക്കാൻ കഴിയാതെ ജപ്തി നടപടികൾ നേരിടുന്നതും അല്ലാത്തതുമായ കേസുകളിൽ കർഷകർ ഉൾപ്പെടെയുള്ളവർക്ക് ഇളവുകളോടെ കുടിശ്ശിക തിരിച്ചടയ്ക്കുന്നതിന് സഹകരണ വകുപ്പ് നടപ്പിലാക്കുന്ന "നവകേരളീയം കുടിശ്ശിക നിവാരണം- ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി" പ്രകാരം അവസരം ലഭിക്കാറുണ്ട്. ടി പദ്ധതി നടപ്പിലാക്കുമ്പോൾ പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കുന്നു. പലിശയിൽ പരമാവധി 50 ശതമാനം വരെ ഇളവ് നൽകുന്നു. കാർഷിക വായ്പകൾക്ക് സാധാരണനിരക്കിൽ പലിശ കണക്കാക്കുകയും വ്യവസ്ഥകൾക്ക് വിധേയമായി വായ്പകൾക്ക് പൂർണ്ണമായോ ഭാഗികമായോ ഇളവ് നൽകുകയും ചെയ്യുന്നു.

2021 ആഗസ്റ്റ് 16 മുതൽ 2022 സെപ്റ്റംബർ 30 വരെയും, 2023 ഫെബ്രുവരി 1 മുതൽ 2023 ഏപ്രിൽ 30 വരെയും, 2023 നവംബർ 1 മുതൽ 2024 ജനുവരി 31 വരെയും 2024 മാർച്ച് 1 മുതൽ 2024 മാർച്ച് 31 വരെയും,

2025 മാർച്ച് 1 മുതൽ 2025 മാർച്ച് 31 വരെയും "നവകേരളീയം കുടിശ്ശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി" നടപ്പിലാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള കാർഷിക വായ്പകൾ വിവിധ കാരണങ്ങളാൽ തിരിച്ചടയ്ക്കാൻ കഴിയാത്ത സാഹചര്യത്തിൽ ചുവടെചേർക്കും പ്രകാരം മൊറട്ടോറിയം അനുവദിച്ചിട്ടുണ്ട്.

- സംസ്ഥാനത്ത് മഴക്കെടുതിമൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് പരിഹാരം കാണുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ/ബാങ്കുകളിൽനിന്ന് എടുത്തിട്ടുള്ള കാർഷിക കടങ്ങൾക്ക് 31-07-2018 മുതൽ ഒരു വർഷത്തേക്ക് മൊറട്ടോറിയം അനുവദിച്ചുനൽകിയിരുന്നു.
- സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽനിന്നും കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്കും 31-03-2020 വരെ മൊറട്ടോറിയം അനുവദിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്.
- കോവിഡ് പശ്ചാത്തലത്തിൽ എല്ലാ സഹകരണ

സ്ഥാപനങ്ങൾ/ബാങ്കുകളിൽനിന്നും എടുത്തിട്ടുള്ള എല്ലാവിധ കാർഷിക വായ്പകൾക്കും 01-03-2020 മുതൽ 31-08-2020 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.

- കൂടാതെ സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ, സൊസൈറ്റികൾ മുതലായ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള കാർഷിക വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 2021 ഡിസംബർ 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ച് 22-10-2021-ലെ സ.ഉ(കൈ) നമ്പർ 201/2021/റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
- ഉരുൾപൊട്ടൽ നാശംവിതച്ച വയനാട് ജില്ലയിലെ ചൂരൽമല ഉൾപ്പെടുന്ന വൈത്തിരി താലൂക്കിലെ വായ്പകളിന്മേലും കുടിശ്ശികകളിന്മേലുമുള്ള എല്ലാ റവന്യൂ റിക്കവറി നടപടികൾക്കും കേരള റവന്യൂ റിക്കവറി ആക്റ്റ്, 1968-ന്റെ വകുപ്പിലെ സെക്ഷൻ 83B പ്രകാരം ഒരു വർഷത്തേക്ക് മൊറട്ടോറിയം അനുവദിച്ച് 08-10-2024-ലെ SRO നമ്പർ 896/2024 പ്രകാരം ഗസറ്റിൽ പ്രഖ്യാപിച്ച 07-10-2024-ലെ സ.ഉ. (അച്ചടി) നം.233/2024/റവ. നമ്പർ വിജ്ഞാപനം പ്രകാരം ഉത്തരവായിരുന്നു.

- കോഴിക്കോട് ജില്ലയിലെ വിലങ്ങാട് 2024 ജൂലൈ മാസമുണ്ടായ ഉരുൾപൊട്ടലിൽ ദുരന്തബാധിതമായ വിലങ്ങാട്, നരിപ്പറ്റ, തൂണേരി, വളയം, ചെക്യാട്, തിനൂർ, എടച്ചേരി, വാണിമേൽ, നാദാപുരം എന്നീ വില്ലേജുകളിലെ വായ്പകളിന്മേലും കുടിശ്ശികകളിന്മേലുമുള്ള എല്ലാ റവന്യൂ റിക്കവറി നടപടികൾക്കും കേരള റവന്യൂ റിക്കവറി ആക്റ്റ്, 1968-ന്റെ വകുപ്പിലെ സെക്ഷൻ 83B പ്രകാരം ഒരു വർഷത്തേക്ക് മൊറട്ടോറിയം അനുവദിച്ച 17-03-2025-ലെ SRO നമ്പർ 274/2025 പ്രകാരം ഗസറ്റിൽ പ്രഖ്യാപിച്ച 16-03-2025-ലെ സ.ഉ. (അച്ചടി) നം. 105/2025/റവ. നമ്പർ വിജ്ഞാപനം പ്രകാരം ഉത്തരവായിരുന്നു.

സഹകരണ സംഘങ്ങളിൽനിന്നും വ്യവസ്ഥകൾക്ക് വിധേയമായി വായ്പയെടുത്ത കർഷകർക്ക് വായ്പയുടെ മുതലും പലിശയും സമയബന്ധിതമായി തിരിച്ചടയ്ക്കാൻ കഴിയാതെവന്ന സാഹചര്യം കണക്കിലെടുത്ത് സർക്കാർ പ്രഖ്യാപിച്ച ധനസഹായം അനുവദിക്കുന്നതിന് കാർഷിക കടാശ്വാസ കമ്മിഷൻ മുഖേന വർഷാവർഷം സർക്കാർ തുക ബജറ്റിൽ വകയിരുത്തുകയും റിലീസ് അനുമതി നൽകി വരികയും ചെയ്യുന്നു.

നടപ്പ് സാമ്പത്തിക വർഷം അവാർഡ് തുക വിതരണം ചെയ്യുന്നതിനായി

ബജറ്റിൽ 2401-00-104-86-01-NP ശീർഷകത്തിൽ ആകെ 22,86,90,000/- രൂപ വകയിരുത്തുകയും ആയതിൽനിന്നും 10,03,63,827/- രൂപ അനുവദിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. ബാക്കി തുക റിലീസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## അനുബന്ധം-2

<u>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച സബ്മിഷന് റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ</u>

| തിരൂർ സർക്കിളിൽ നടപ്പിലാക്കുന്ന ദ്യുതി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ വിവരം | | | | |
|---|---|---|---|---|
| ക്രമ നമ്പർ | പ്രവൃത്തി | യൂണിറ്റ് | അളവ് | തുക ( കോടിയിൽ ) |
| 1 | Construction - FPI | no | | |
| 2 | Construction -HT line - ABC | km | 66.265 | 16.95 |
| 3 | Construction -HT line - CC | km | | 0.00 |
| 4 | Construction-HT line -OH | km | 13.154 | 1.91 |
| 5 | Construction-HT line -UG | km | 89.15 | 31.06 |
| 6 | Construction-LT line | km | 630.074 | 48.97 |

| | | | | |
|---|---|---|---|---|
| | -ABC | | | |
| 7 | Construction-LT line -CC | km | 0.91 | 0.08 |
| 8 | Construction-LT line -OH | km | 2.95 | 0.19 |
| 9 | Construction-Others | Ls | 5961 | 17.26 |
| 10 | Construction – Switches – AB Switch | no | 59 | 0.29 |
| 11 | Construction – Switches – LBS | no | 0.00 | 0.00 |
| 12 | Construction – Switches – RMU | no | 4 | 0.27 |
| 13 | Construction-Transformer-15/25 kVA | no | | 0.00 |
| 14 | Construction-Transformer-160 kVA 200kVA | no | 8 | 0.38 |
| 15 | Construction-Transformer-250 kVA 500kVA | no | | 0.00 |
| 16 | Construction-Transformer-63kVA | no | | 0.00 |
| 17 | Construction-Transformer-63kVA-100kVA | no | 309 | 9.82 |
| 18 | Conversion (Re – conductoring) HT OH | km | 16.85 | 2.85 |

| | | | | |
|---|---|---|---|---|
| | to ABC | | | |
| 19 | Conversion(Re – conductoring) HT OH to CC | km | 120.845 | 27.55 |
| 20 | Conversion(Re – conductoring) LT OH to CC | km | 5 | 0.15 |
| 21 | Conversion SP to TP OH | km | 20.65 | 0.81 |
| 22 | Dismantiling - Others | LS | 131 | 0.04 |
| 23 | Enhancement of DTRs | no | 546 | 25.54 |
| 24 | Installation of Spacers | no | 100 | 0.00 |
| 25 | Loss Reduction- Metering – DTR Meter | no | 1 | 0.00 |
| 26 | Loss Reduction- Metering – Faulty Meter changing | no | 50 | 0.01 |
| 27 | Loss Reduction- Pipe Earthing | no | 40 | 0.03 |
| 28 | Miscellaneous- Dismantling DTR/RMU/Structure | no | 2 | 0.00 |
| 29 | Miscellaneous- Dismantling - Lines | no | 54.75 | 1.58 |
| 30 | Reconductoring- HT line-<br>HT OH Line | km | | 0.00 |

| | | | | |
|---|---|---|---|---|
| 31 | Reconductoring- LT line – LT OH Line | km | 1019.822 | 70.27 |
| 32 | Standardisation- HT line | km | 274 | 0.09 |
| 33 | Standardisation – LT line | km | 2.3 | 0.07 |
| 34 | Standardisation of Structures - HT | no | 225 | 0.86 |
| 35 | Standardisation – Transformer Station | no | 123.78 | 0.49 |
| | **Total** | | | **257.52** |

## അനുബന്ധം-3

<u>നാദാപുരം മണ്ഡലത്തിലെ വിവിധ കിഫ്ബി പ്രവൃത്തികൾ സംബന്ധിച്ച് ശ്രീ. ഇ. കെ. വിജയൻ എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ</u>

കിഫ്ബി കിറ്റ്കോ എന്ന ഏജൻസി വഴിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. നിലവിൽ പ്രവൃത്തി പൂർത്തീകരിച്ച് കൈമാറിയിട്ടുണ്ടെന്നാണ് കിഫ്ബി അറിയിക്കുന്നത്. നാദാപുരം ഗവ. യു.പി. സ്കൂൾ കെട്ടിട നിർമ്മാണവും കിഫ്ബി കില വഴി നടപ്പാക്കുന്ന പ്രവൃത്തിയാണ്. നേരത്തെ പാറയുടെ

സാന്നിധ്യമുണ്ടായിരുന്നതിനാൽ പ്രവൃത്തിക്ക് തടസ്സം നേരിട്ടിരുന്നു. നിലവിൽ പാറ പൊട്ടിച്ച് മാറ്റിയിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കാൻ കരാറുകാരന് നിർദേശം നൽകിയതായി തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും അറിയിക്കുന്നു.

ജി.എച്ച്.എസ്. വെള്ളിയോട് സ്കൂൾ കെട്ടിട നിർമ്മാണവും കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കില തന്നെയാണ് മേൽനോട്ടം വഹിക്കുന്നത്. കരാറുകാരന്റെ അലംഭാവം കാരണം പ്രവൃത്തി ആരംഭിച്ചിരുന്നില്ല. പ്രവൃത്തി ആരംഭിക്കുന്നതിന് കരാറുകാരന് നിർദേശം നൽകിയതായി തദ്ദേശസ്വയംഭരണ വകുപ്പ് അറിയിക്കുന്നു. ജി.എൽ.പി.എസ്. കൂടലിൽ പദ്ധതി നിർവ്വഹണ ഏജൻസിയായ കില സാങ്കേതിക അനുമതി ലഭ്യമാക്കി പ്രോജക്റ്റ് എക്സിക്യൂഷൻ ഡോക്യുമെന്റ് (പി.ഇ.ഡി.) കിഫ്ബിയുടെ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്. അംഗീകാരം ലഭിച്ചാലുടൻ ടെൻഡർ നടപടികളിലേക്ക് കടക്കാനാകും. കല്ലാച്ചേരിക്കടവ് പാലം നിർമ്മാണത്തിനുള്ള സാമൂഹിക ആഘാത പഠനം പൂർത്തീകരിച്ചുകഴിഞ്ഞു. വിദഗ്ധ സമിതി റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. കിടഞ്ഞി - തുരുത്തിമുക്ക് പാലം നേരത്തെ ഫോർക്ലോസ് ചെയ്ത പ്രവൃത്തിയാണിത്. പ്രവൃത്തിക്ക് റീടെൻഡർ നൽകിയിരുന്നു. എന്നാൽ റീടെൻഡർ അംഗീകരിച്ചിരുന്നില്ല. നിലവിൽ

പുതുക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ച് പുതുക്കിയ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ഇതേ തുടർന്ന് 14-03-2025-ന് പദ്ധതിയുടെ ടെൻഡർ നോട്ടീസ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടെൻഡർ സമർപ്പിക്കാനുള്ള അവസാന തീയതി 27-03-2025 ആണ്. ടെൻഡർ നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് തുടർ പ്രവൃത്തികളിലേക്ക് കടക്കും.

**അനുബന്ധം-4**

നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ജീവനക്കാരുടെ കുറവ് സംബന്ധിച്ച് ശ്രീ. കെ. ആൻസലൻ എം.എൽ.എ.-യുടെ സബ്മിഷന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

നെയ്യാറ്റിൻകര താലൂക്കിൽ നെയ്യാറ്റിൻകര വില്ലേജിൽ ദേശീയപാതയ്ക്ക് അരികിലായാണ് നെയ്യാറ്റിൻകര ജനറൽ ആശുപത്രി സ്ഥിതി ചെയ്യുന്നത്. തീരദേശ മേഖലയിലെയും മലയോര മേഖലയിലെയും തമിഴ്നാട് അതിർത്തി പ്രദേശങ്ങളിലെയും ജനങ്ങൾ സേവനത്തിനായി ആശ്രയിക്കുന്ന പ്രധാന ആശുപത്രിയാണിത്.

നിലവിൽ 456 കിടക്കകൾ അനുവദിച്ചിട്ടുള്ള ഈ ആശുപത്രിയിൽ പ്രതിദിനം ശരാശരി 2500 ഓളം പേർ ഒ.പി. യിലും 280 ഓളം പേർ ഐ.പി.-

യിലും ചികിത്സ തേടുന്നുണ്ട്. ജനറൽ മെഡിസിൻ, ജനറൽ സർജറി, ഗൈനക്കോളജി, അനസ്തേഷ്യ, പീഡിയാട്രിക്സ്, ഒഫ്ത്താൽമോളജി, ഇ.എൻ.ടി., ഓർത്തോപീഡിക്സ്, ഡെർമറ്റോളജി, ദന്തൽ, ബ്ലഡ് ബാങ്ക് എന്നീ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. 24 മണിക്കൂറും ഡോക്ടർമാരുടെ സേവനം ലഭ്യമാക്കി ഈ ആശുപത്രിയിൽ അത്യാഹിത വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്.

ലബോറട്ടറി, ഫാർമസി, എക്സ്റേ, ഇ.സി.ജി. മുതലായ സൗകര്യങ്ങളും നിലവിലുണ്ട്. നിലവിൽ എച്ച്.എൽ.എൽ. മുഖേന അൾട്രാസൗണ്ട് സ്കാനിംഗ്, സി.റ്റി. സ്കാൻ എന്നിവ ആശുപത്രി കോമ്പൗണ്ടിൽ പ്രവർത്തിക്കുന്നുണ്ട്. ഈ ആശുപത്രിയിലെ മോർച്ചറിയിൽ ഒരേ സമയം നാല് ബോഡികൾ ഫ്രീസറിൽവയ്ക്കുന്നതിനുള്ള സൗകര്യം നിലവിലുണ്ട്.

സൂപ്രണ്ട് - 1, ആർ.എം.ഒ. - 1, കാഷ്വാലിറ്റി എം.ഒ. - 6. അസിസ്റ്റന്റ് സർജൻ-4, ജനറൽ മെഡിസിനിൽ കൺസൾട്ടന്റ് -1, ജൂനിയർ കൺസൾട്ടന്റ് -1, ജനറൽ സർജറിയിൽ കൺസൾട്ടന്റ് -1, ജൂനിയർ കൺസൾട്ടന്റ് -1, ഗൈനക്കോളജിയിൽ കൺസൾട്ടന്റ് -2, ജൂനിയർ കൺസൾട്ടന്റ് -2, അനസ്തേഷ്യയിൽ കൺസൾട്ടന്റ് 1, ജൂനിയർ കൺസൾട്ടന്റ് -1,

പീഡിയാട്രിക്സിൽ കൺസൾട്ടന്റ് -1, ജൂനിയർ കൺസൾട്ടന്റ് -1, ഒഫ്ത്താൽമോളജിയിൽ കൺസൾട്ടന്റ് -1, ജൂനിയർ കൺസൾട്ടന്റ് -1, ഇ.എൻ.ടി-യിൽ കൺസൾട്ടന്റ് -1, ജൂനിയർ കൺസൾട്ടന്റ് - 1, ഓർത്തോപീഡിക്സിൽ ജൂനിയർ കൺസൾട്ടന്റ് -2, ദന്തൽ വിഭാഗത്തിൽ ജൂനിയർ കൺസൾട്ടന്റ് -1, ഡെർമറ്റോളജിയിൽ ജൂനിയർ കൺസൾട്ടന്റ് -1, ബ്ലഡ് ബാങ്കിൽ ജൂനിയർ കൺസൾട്ടന്റ് -1 എന്നിങ്ങനെ വിവിധ സ്പെഷ്യാലിറ്റി വിഭാഗങ്ങളിലായി -21 ഡോക്ടർമാർ, നഴ്സിംഗ് വിഭാഗത്തിൽ - 95, ലാബ് ടെക്നീഷ്യൻ - 6, ഫാർമസി വിഭാഗത്തിൽ - 6, നഴ്സിങ് അസിസ്റ്റന്റ് - 47, ഹോസ്പിറ്റൽ അറ്റൻഡന്റ് - 52 ഉൾപ്പെടെ മൊത്തം 277 സ്ഥിരം ജീവനക്കാരുടെ അംഗീകൃത തസ്തികകളുണ്ട്.

ഇവിടെ എൻ.എച്ച്.എം. മുഖാന്തരം 7 മെഡിക്കൽ ഓഫീസർമാർ ഉൾപ്പെടെ 41 പേർ, എച്ച്.എം.സി. മുഖാന്തരം 101 പേർ, എന്നിങ്ങനെ 142 താൽക്കാലിക ജീവനക്കാരും സേവനമനുഷ്ഠിക്കുന്നുണ്ട്. ആശുപത്രിയിൽ 419 ജീവനക്കാരുടെ സേവനം മേൽപ്പറഞ്ഞപ്രകാരം ലഭ്യമാണ്. (ഇതിനുപുറമേ കാസ്പ് മുഖാന്തരവും വിമുക്തി ഡി അഡിക്ഷൻ സെന്ററിന്റെ ഭാഗമായും താൽക്കാലിക ജീവനക്കാരുടെ സേവനം ആശുപത്രിയിൽ ലഭ്യമാക്കിയിട്ടുണ്ട്).

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജൂനിയർ കൺസൾട്ടന്റ് (ഓർത്തോ)- 1, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ-2, ഇ.സി.ജി ടെക്നീഷ്യൻ -1, ഡയാലിസിസ് ടെക്നീഷ്യൻ-2 എന്നിങ്ങനെ 6 തസ്തികകളും, ബ്ലഡ് ബാങ്കിനായി ഒരു ജൂനിയർ കൺസൾട്ടന്റ് തസ്തികയും അധികമായി സൃഷ്ടിച്ചിട്ടുണ്ടായിരുന്നു. (മൊത്തം 7 തസ്തികകൾ)

നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ജില്ലാ റസിഡൻസി പ്രോഗ്രാമിന്റെ ഭാഗമായി നിലവിൽ തിരുവനന്തപുരം സർക്കാർ/സ്വകാര്യ മെഡിക്കൽ കോളേജുകളിൽ നിന്നുള്ള 12 പി.ജി റസിഡന്റുമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, 2025 മാർച്ച് -ഏപ്രിൽ മാസത്തിൽ 13 വീതം പി.ജി. റസിഡന്റുമാരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, എൻ.എം.സി.-യുടെ 2021-ലെ CRMI Regulation അനുശാസിക്കുന്നപ്രകാരം ഈ ആശുപത്രിയിൽ മൂന്ന് മാസം കമ്മ്യൂണിറ്റി മെഡിസിൻ പോസ്റ്റിംഗിന്റെ ഭാഗമായി ഹൗസ് സർജന്മാരെ പോസ്റ്റ് ചെയ്യുന്നുണ്ട്.

ആർദ്രം മാനദണ്ഡപ്രകാരം ജില്ലയിലെ ജില്ലാതല ആശുപത്രിയായി തെരഞ്ഞെടുത്തിട്ടുള്ളത് തിരുവനന്തപുരം ജനറൽ ആശുപത്രിയാണ്. എങ്കിലും

രണ്ടായിരത്തിലധികം രോഗികൾ ദിവസേന ചികിത്സ തേടിയെത്തുന്ന ജില്ലയിലെ പ്രധാന ആശുപത്രിയെന്ന പരിഗണനയിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഫോറൻസിക് മെഡിസിൻ, റേഡിയോ ഡയഗ്നോസിസ് വിഭാഗങ്ങളിൽ ജൂനിയർ കൺസൾട്ടന്റിന്റെ തസ്തിക സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നുണ്ട്.

## അനുബന്ധം-5

ആരോഗ്യ സർവകലാശാലക്ക് കീഴിൽ MHA, MPH കോഴ്സുകൾ ആരംഭിക്കൽ സംബന്ധിച്ച് ശ്രീ. സി. കെ. ഹരീന്ദ്രൻ എം.എൽ.എ.-യുടെ സബ്മിഷന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

ആരോഗ്യ സർവ്വകലാശാലയുടെ കീഴിൽ ബിരുദ, ബിരുദാനന്തര കോഴ്സുകളും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെയും ആരോഗ്യ സേവന വകുപ്പിന്റെയും കീഴിൽ ഡിപ്ലോമ കോഴ്സുകളും ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ നടത്തി വരുന്നു. ആരോഗ്യ സർവ്വകലാശാലയുടെ കീഴിൽ നടത്തുന്ന മെഡിക്കൽ ബിരുദ, ബിരുദാനന്തര കോഴ്സുകൾ നാഷണൽ മെഡിക്കൽ കമ്മീഷന്റെ നിയമങ്ങളും റെഗുലേഷനുകളും പ്രകാരവും മറ്റ് ആരോഗ്യ വിദ്യാഭ്യാസ മേഖലയിലെ കോഴ്സുകൾ ബന്ധപ്പെട്ട കൗൺസിലുകളുടെ

നിബന്ധനകൾക്ക് വിധേയമായുമാണ് ക്രമീകരിച്ചിരിക്കുന്നത്. സർക്കാർ മെഡിക്കൽ കോളേജുകളിൽ നിലവിൽ എം.പി.എച്ച്. കോഴ്സ് നടത്തുന്നില്ല. എന്നാൽ കമ്യൂണിറ്റി മെഡിസിനിൽ എം.ഡി. കോഴ്സ് നടത്തി വരുന്നുണ്ട്. എം.പി.എച്ച്. കോഴ്സ് കേരളത്തിൽ ശ്രീചിത്രാ മെഡിക്കൽ സെന്ററിലും കേരളത്തിലെ കേന്ദ്ര സർവ്വകലാശാലയിലും നടത്തിവരുന്നു. ഓരോ കോഴ്സും ആരംഭിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, യോഗ്യരായ അധ്യാപകർ, ലൈബ്രറി മുതലായ സൗകര്യങ്ങളും ബന്ധപ്പെട്ട നിയന്ത്രണ അതോറിറ്റിയുടെ അംഗീകാരവും ആവശ്യമായി വരുന്നു. അത്തരത്തിൽ സൗകര്യങ്ങളുണ്ടെന്ന് പരിശോധനാ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് സ്വകാര്യ / സ്വാശ്രയ/സർക്കാർ മേഖലയിൽ കോഴ്സുകൾ അനുവദിച്ചുവരുന്നുണ്ട്.

എം.എച്ച്.എ. കോഴ്സ് തുടങ്ങുന്നതിന് നിലവിലെ എം.എസ്.ആർ. പ്രകാരം സ്വന്തമായി 200 ബഡ്ഡുള്ള ഒരു പേരന്റ് ആശുപത്രി വേണമെന്നതിനാൽ ആരോഗ്യ സർവ്വകലാശാലയ്ക്ക് നേരിട്ട് കോഴ്സ് ആരംഭിക്കുന്നതിന് സാധിക്കില്ല. ആരോഗ്യ സർവ്വകലാശാലയുടെ തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്ന സ്കൂൾ ഓഫ് പബ്ലിക് ഹെൽത്തിൽ എം.പി.എച്ച്. കോഴ്സ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സ്കൂൾ ബോർഡുകൾ

അംഗീകരിക്കുകയും തുടർ നടപടികൾ ആരോഗ്യ സർവകലാശാല സ്വീകരിച്ചുവരികയുമാണ്.

മേൽപ്പറഞ്ഞ കോഴ്സുകൾ സർക്കാർ മെഡിക്കൽ കോളേജുകളിൽ തുടങ്ങുന്നതിന് അടിസ്ഥാന സൗകര്യങ്ങളുടേയും യോഗ്യരായ ഫാക്കൽറ്റികളുടെയും ലഭ്യതയുണ്ടെന്ന് റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് സർക്കാർ ഈ കോഴ്സുകൾ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

## അനുബന്ധം-6

### ചട്ടം 285 അനുസരിച്ച് ശ്രീ. ടി. സിദ്ദിഖ്, എം.എൽ.എ. നടത്തിയ ആരോപണത്തിന് ധനകാര്യ വകുപ്പുമന്ത്രി നൽകിയ പ്രസ്താവനയുടെ വിശദാംശങ്ങൾ

കെ.എഫ്.സി. ആർ.സി.എഫ്.എൽ-ൽ നടത്തിയ നിക്ഷേപവുമായി ബന്ധപ്പെട്ട അഴിമതി ആരോപണം അടിസ്ഥാനരഹിതമാണ്. കേന്ദ്ര നിയമമായ സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപറേഷൻസ് ആക്റ്റിന്റെ വകുപ്പ് 34 അനുസരിച്ച് കെ.എഫ്.സി.-യുടെ നിക്ഷേപ തീരുമാനങ്ങളെല്ലാം കമ്പനി ഡയറക്ടർ ബോർഡിന്റെ അംഗീകാരത്തോടെയാണ് നടത്തിയിട്ടുള്ളത്. 2016 ജൂൺ 28-ന് ചേർന്ന ബോർഡ് യോഗമാണ് നിക്ഷേപ

തീരുമാനമെടുത്തത്. പ്രവർത്തന മൂലധനം ഉയർത്താൻ 250 കോടി രൂപ പണവിപണിയിൽനിന്ന് സമാഹരിക്കാൻ തീരുമാനിച്ചതിനെത്തുടർന്ന് കമ്പനിയുടെ അന്നുണ്ടായിരുന്ന റേറ്റിങ് ഉയർത്തുന്നതിന്റെ ഭാഗമായിട്ടായിരുന്നു ബോർഡ് തീരുമാനം. മുൻവർഷങ്ങളിലെ കമ്പനിയുടെ പ്രവർത്തന ഫലം മോശമായതിനാലും നിഷ്ക്രിയ ആസ്തി കൂടിയിരുന്നതിനാലും ആ വർഷം ക്രെഡിറ്റ് റേറ്റിങ് ഉയർത്തലും കടപത്രം ഇറക്കലും സാധ്യമായില്ല.

തുടർന്ന് 2018 ജൂലൈ മൂന്നിന് ചേർന്ന ബോർഡ് യോഗം ക്രെഡിറ്റ് റേറ്റിങ് എഎ എന്നതിലേക്ക് ഉയർത്താനും വിപണിയിൽനിന്ന് 500 കോടി രൂപ സമാഹരിക്കാനുമുള്ള നടപടികൾ എടുക്കാൻ തീരുമാനിച്ചു. റേറ്റിങ് ഉയർത്തുന്നതിന് ആർ.ബി.ഐ., സെബി അംഗീകൃത ക്രെഡിറ്റ് റേറ്റിങ് ഏജൻസികളുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിലാണ് എഎ പ്ലസ് റേറ്റിങ്ങുള്ള ആർ.സി.എഫ്.എൽ.-ൽ നിക്ഷേപം നടത്താൻ തീരുമാനിച്ചത്. അന്ന് വിപണിയിലുണ്ടായിരുന്ന ഏറ്റവും മികച്ച നിരക്കായ 9.10 ശതമാനം വരുമാനവും പരിഗണിച്ചായിരുന്നു തീരുമാനം. ആർ.ബി.ഐ., സെബി അംഗീകൃത ക്രെഡിറ്റ് റേറ്റിങ് ഏജൻസികൾ എഎ പ്ലസ് റേറ്റിങ് നൽകുന്ന ഒരു സ്ഥാപനത്തിൽ നിക്ഷേപിക്കുന്നത് നഷ്ട സാധ്യത കുറയുമെന്നതും

പരിഗണിച്ചിരുന്നു.

2017-18 ൽ ബാങ്കുകളുടെയും ധനകാര്യ സ്ഥാപനങ്ങളുടേതുമായി 10,000 കോടിയോളം രൂപ ആർ.സി.എഫ്.എൽ.-ൽ നിക്ഷേപമുണ്ടായിരുന്നു. ആ സ്ഥാപനം കടുത്ത പ്രതിസന്ധിയിൽ ആകുന്നതിനുമുമ്പുവരെ വായ്പകളുടെ തിരിച്ചടവ് കൃത്യമായിരുന്നു. ആർ.സി.എഫ്.എൽ.-ന്റെ മാതൃകമ്പനിയായ റിലയൻസ് ക്യാപ്പിറ്റലിന്റെ വായ്പാ മൂലധന അനുപാതവും മികച്ചതായിരുന്നു. 2018 ജൂണിനുശേഷം പണവിപണിയിലുണ്ടായ പ്രതിസന്ധികളും ചില പ്രധാന സ്ഥാപനങ്ങളുടെ തകർച്ചയും ആർ.സി.എഫ്.എൽ.-നെയും ബാധിച്ചതാണ് കെ.എഫ്.സി.-യുടെ നിക്ഷേപം തിരിച്ചുകിട്ടുന്നത് പ്രതിസന്ധി ഉണ്ടാക്കിയത്. റിലയൻസ് കമ്മ്യൂണിക്കേഷൻ എന്ന സബ്സിഡിയറി കമ്പനിക്ക് മാതൃകമ്പനിയായ റിലയൻസ് ക്യാപിറ്റലിൽ ഉണ്ടായിരുന്ന ബാധ്യതകൾ കണക്കിലെടുത്താണ് പിന്നീട് ആർ.സി.എഫ്.എൽ.-നെ ക്രെഡിറ്റ് വാച്ചിങ് റേറ്റിങ്ങിൽ റേറ്റിങ് ഏജൻസികൾ ഉൾപ്പെടുത്തിയത്.

ആർ.സി.എഫ്.എൽ.-ലെ നിക്ഷേപം കെ.എഫ്.സി. ഒരു ഘട്ടത്തിലും മറച്ചുവച്ചിട്ടില്ല. 2016 മേയ് മാസത്തിൽ ക്രെഡിറ്റ് റേറ്റിങ് മെച്ചപ്പെടുത്തലിന്റെ ഭാഗമായി 50 കോടി രൂപ ഷെഡ്യൂൾഡ് ബാങ്കിൽ നിക്ഷേപിച്ചപ്പോൾ

'ബാങ്കുകളുമായുള്ള ടേം ഡെപ്പോസിറ്റ്' എന്ന തലക്കെട്ടിൽ വാർഷിക റിപ്പോർട്ടിൽ കാട്ടി. 2018-ൽ ക്രെഡിറ്റ് റേറ്റിങ് മെച്ചപ്പെടുത്തലിന്റെ ഭാഗമായി 60.80 കോടി രൂപ ആർ.സി.എഫ്.എൽ.-ൽ നിക്ഷേപിച്ചപ്പോൾ, ടേം ഡെപ്പോസിറ്റുകൾ/എൻ.സി.ഡി. എന്ന തലക്കെട്ടിൽ വാർഷിക റിപ്പോർട്ടിൽ ഉൾപ്പെടുത്തി. തുടർന്ന് എല്ലാ വർഷവും ഇത് വാർഷിക റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ആർ.സി.എഫ്.എൽ. തങ്ങളുടെ വായ്പാ ബാധ്യതകൾ തിരിച്ചുനൽകുന്നതിൽ വീഴ്ച വരുത്തിയതോടെ ആർ.ബി.ഐ. ഇടപെട്ട് പ്രശ്നപരിഹാരത്തിന് തുടക്കം കുറിച്ചു. നിക്ഷേപകരിൽ ഒന്നായ ബാങ്ക് ഓഫ് ബറോഡയെ ലീഡ് ബാങ്കായി പരിഹാര പദ്ധതി തയ്യാറാക്കാൻ നിയോഗിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികളെയെല്ലാം ചേർത്ത് നിക്ഷേപകരുമായി ഒരു ധാരണപത്രം ഉണ്ടാക്കി. അതനുസരിച്ച് ആർ.സി.എഫ്.എൽ.-ലെ വിവിധ നിക്ഷേപങ്ങളുടെ തരംതിരിവ് നടത്തിയപ്പോൾ, കെ.എഫ്.സി. നിക്ഷേപിച്ചതിന്റെ 24.96 ശതമാനം മടക്കികിട്ടുമെന്ന നിലയാണ് ഉണ്ടായത്. ഇത് കെ.എഫ്.സി അംഗീകരിച്ചില്ല. തർക്കം ഉന്നയിച്ച് മുംബൈ ഹൈക്കോടതിയെ സമീപിച്ചു.

ആർ.സി.എഫ്.എൽ.-ന്റെ ആസ്തി ബാധ്യതകൾ ഏറ്റെടുക്കുന്നതിന് നടത്തിയ ടെണ്ടറിൽ ഓതം എന്ന കമ്പനി തിരഞ്ഞെടുക്കപ്പെട്ടു. ഹൈക്കോടതിയിൽ നിലനിൽക്കുന്ന ഹർജിയുടെ അടിസ്ഥാനത്തിൽ ചർച്ചയ്ക്ക് തയ്യാറായ ഓതം, കെ.എഫ്.സി.-ക്കുമാത്രം നിക്ഷേപത്തിന്റെ 52 ശതമാനം വരെ മടക്കി നൽകാമെന്ന വാഗ്ദാനം മുന്നോട്ടുവച്ചു. ഈ വാഗ്ദാനം നിലനിൽക്കുമ്പോഴും നിക്ഷേപിച്ച മുഴുവൻ തുകയും തിരികെ ലഭിക്കാനായി മുംബൈ ഹൈക്കോടതിയിലെ നിയമ നടപടികൾ കെ.എഫ്.സി തുടരുകയാണ്.